**പതിനഞ്ചാം കേരള നിയമസഭ**

**സബ്ജക്ട് കമ്മിറ്റി IV**
**(വ്യവസായവും ധാതുക്കളും)**

# 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരമുള്ളത്]

2024 ജൂലൈ 8-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

**പതിനഞ്ചാം കേരള നിയമസഭ**

**സബ്ജക്ട് കമ്മിറ്റി IV**
**(വ്യവസായവും ധാതുക്കളും)**

**2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ**
**പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

**സബ്ജക്ട് കമ്മിറ്റി IV**

**വ്യവസായവും ധാതുക്കളും**

**(2023 – 2026)**

**ഘടന**

ചെയർപേഴ്സൺ :

ശ്രീ. പി. രാജീവ്
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. കെ. ബാബു (നെന്മാറ)

ശ്രീ. കെ.പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. വി. ശശി

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

ശ്രീ. പി.സി. വിഷ്ണുനാഥ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

നിയമസഭാ സെക്രട്ടേറിയറ്റ്

ഡോ. എൻ. കൃഷ്ണകുമാർ, സെക്രട്ടറി.

ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി.

ശ്രീ. അനിൽകുമാർ. ബി., ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ. മോഹനൻ. ഒ., അണ്ടർ സെക്രട്ടറി.

## അവതാരിക

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2023 ഫെബ്രുവരി 27-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ച് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്

2024 ജൂലൈ 2-ന് ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**പി. രാജീവ്,**
ചെയർമാൻ,
സബ്ജക്ട് കമ്മിറ്റി IV

തിരുവനന്തപുരം,
2024 ജൂലൈ 8

## റിപ്പോർട്ട്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്

സബ്ജക്ട് കമ്മിറ്റി IV-ന്റെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2023 ഫെബ്രുവരി 22-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിക്കുകയും 2023 ഫെബ്രുവരി 27-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൽ വ്യവസായ വകുപ്പിനെ സംബന്ധിക്കുന്ന 55 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച നടപടി പത്രികകൾ 22.05..2024, 02.07.2024 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു.

2023-24-ലെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും അദ്ധ്യായം I ആയും മറുപടി ലഭിക്കാനുള്ള ശിപാർശകളെ സംബന്ധിച്ച വിവരം അദ്ധ്യായം II ആയും ചേർത്തിരിക്കുന്നു.

## അദ്ധ്യായം I

### 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

### ശിപാർശ

2407-60-001-99 - പ്ലാന്റേഷൻ ഡയറക്ടറേറ്റ്

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ തോട്ടം മേഖലയുടെ സമഗ്ര വികസനത്തിനായി ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾക്ക് നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതി കണക്കിലെടുത്ത് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പുവർഷം അനുവദിച്ചിട്ടുള്ള വിഹിതത്തിൽ , ചെലവ് പരിമിതപ്പെടുത്തേണ്ട സാഹചര്യമാണ് ഉള്ളത്.

<u>ശിപാർശ</u>

2851-00-106-95 - <u>വ്യാപാര പ്രദർശനമുൾപ്പെടെയുള്ള പരസ്യവും പ്രചരണവും</u>
ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

കയർ മേഖലയുടെ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുന്നതിനും കയർ ഉത്പ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനുമുള്ള വിവിധ പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

ഡിസൈൻ കോൺക്ലേവിനായി 75 ലക്ഷം രൂപ ധനപുനഃവിനിയോഗം മുഖേന കയർ വികസന ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 2851-00-106-95 'വ്യാപാര പ്രദർശനമുൾപ്പെടെയുള്ള പരസ്യവും പ്രചാരണവും ' എന്ന ശീർഷകത്തിലുള്ള മുഴുവൻ ബഡ്ജറ്റ് വിഹിതവും വിനിയോഗിക്കാതിരുന്നതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2851-00-106-92(02) - <u>വിപണന വികസന പദ്ധതി (50% കേന്ദ്ര സഹായ പദ്ധതി ) - സംസ്ഥാന വിഹിതം</u>
ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

കയർ സഹകരണ സംഘങ്ങൾ , പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ കയർ ഉൽപ്പന്നങ്ങളുടെ സുസ്ഥിരമായ ഉൽപ്പാദനം, തൊഴിലുറപ്പ് പ്രോത്സാഹിപ്പിക്കൽ, അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം , പുനരുദ്ധാരണം, പുതിയ വിപണന തന്ത്രം ആവിഷ്ക്കരിക്കൽ തുടങ്ങിയവ ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

സ. ഉ.(സാധാ) നം.886/2023 തീയതി 26.08.23 സർക്കാർ ഉത്തരവ് പ്രകാരം 10 കോടി രൂപ അനുവദിച്ചു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ധനപുനഃവിനിയോഗം മുഖേന തുക അനുവദിക്കുവാൻ സാധിച്ചില്ല.

ശിപാർശ

2851-00-106-35 - കയർ മേഖലക്കുള്ള അപ്പക്സ് ബോഡി

ബഡ്ജറ്റ് വിഹിതം : ഇല്ല

കയർ മേഖലയിലെ ഒരു മോണിറ്ററിംഗ് സംവിധാനമായും പരാതി പരിഹാര സംവിധാനമായും പ്രവർത്തിച്ചു വരുന്ന കയർ അപ്പെക്സ് ബോഡിയുടെ ഓഫീസ് പ്രവർത്തനങ്ങളുടെ ചെലവിലേക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 25 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

സ. ഉ.(സാധാ) നം.504/2023/വ്യവ തീയതി 30.05.2023 സർക്കാർ ഉത്തരവ് പ്രകാരം 4 ലക്ഷം രൂപയും സ. ഉ.(സാധാ) നം.1089/2023/വ്യവ തീയതി 21.10.2023 സർക്കാർ ഉത്തരവ് പ്രകാരം 4 ലക്ഷം രൂപയും ചേർത്ത് ആകെ 8 ലക്ഷം രൂപ അനുവദിച്ചു.

ശിപാർശ

2851-00-106-26 - കയർ ഉത്പ്പാദന സംഘങ്ങളുടെ പുനഃസംഘടനയും മാനേജീരിയൽ സബ്സിഡിയും

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ (പ്ലാൻ)

കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തന മൂലധനം നൽകുന്നതിനും പുനരുജ്ജീവന നടത്തിപ്പിനുമായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

## സ്വീകരിച്ച നടപടി

സ. ഉ.(സാധാ) നം.566/2023/വ്യവ തീയതി 13.06.2023 സർക്കാർ ഉത്തരവ് പ്രകാരം 2851-00-106-26 (പി) ശീർഷകത്തിൻ കീഴിൽ 234 കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധസഹായം ജീവനക്കാർക്ക് മാനേജീരിയൽ സബ്സിഡി അനുവദിക്കുന്നതിന് 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ഈ ശീർഷകത്തിലെ തുക പൂർണമായും വിനിയോഗിക്കാൻ കഴിയാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല .

## ശിപാർശ

2853-02-001-98 - ജില്ലാ ഘടകങ്ങളുടെ രൂപീകരണം

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

മൈനിംഗ് & ജിയോളജി വകുപ്പിന്റെ ധാതുനിക്ഷേപം കണ്ടെത്തുന്നതി-നായുള്ള സ്ഥലപരിശോധന , ധാതുക്കടത്ത് തടയുന്നതിനുള്ള പരിശോധന എന്നിവയ്ക്ക് വകുപ്പ് ഉപയോഗിക്കുന്ന വാഹനങ്ങളുടെ വാടകയിനത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 24)

## സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റി അധിക ധനപുനഃവിനിയോഗം വഴി 50 ലക്ഷം കൂടി ശിപാർശ ചെയ്തിരുന്നുവെങ്കിലും നടപ്പ് സാമ്പത്തിക വർഷം വരുത്തിയ സാമ്പത്തിക ക്രമീകരണത്താൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക 30.69 ലക്ഷം രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. ആയതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക ആവശ്യമായി വന്നില്ല.

## ശിപാർശ

2853-02-001-96 - ഖനന ഭൂവിജ്ഞാന വകുപ്പിന്റെ ആധുനീകരണം

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

മൈനിംഗ് & ജിയോളജി വകുപ്പിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓഫീസുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സ്വീകരിച്ച നടപടി</u>

മൈനിംഗ് & ജിയോളജി വകുപ്പ് മോഡണൈസേഷൻ 2023-24 സാമ്പത്തിക വർഷം 100 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു.

സബ്ജക്റ്റ് കമ്മിറ്റി അധിക ധനപുനഃവിനിയോഗം വഴി 250 ലക്ഷം കൂടി ശിപാർശ ചെയ്തിരുന്നെങ്കിലും നടപ്പ് സാമ്പത്തിക വർഷം വരുത്തിയ സാമ്പത്തിക ക്രമീകരണത്താൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക 38.84 ലക്ഷം രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത് ആയതിനാൽ സബ്ജക്റ്റ് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2853-02-003-99 - <u>ഉദ്യോഗസ്ഥന്മാരുടെ പരിശീലനം</u>

ബഡ്ജറ്റ് വിഹിതം : 5 ലക്ഷം രൂപ (പ്ലാൻ)

മൈനിംഗ് & ജിയോളജി വകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സ്വീകരിച്ച നടപടി</u>

മൈനിംഗ് & ജിയോളജി വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശീലനം 2023-24 സാമ്പത്തിക വർഷം 5 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. സബ്ജക്റ്റ് കമ്മിറ്റി അധിക ധനപുനഃവിനിയോഗം വഴി 5 ലക്ഷം രൂപ കൂടി ശിപാർശ ചെയ്തിരുന്നു. എന്നാൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക 2.34 ലക്ഷം രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. ആയതിനാൽ സബ്ജക്റ്റ് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2853-02-102-99 - <u>ധാതു പര്യവേക്ഷണം</u>

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

മൈനിംഗ് & ജിയോളജി വകുപ്പിൽ ധാതു പര്യവേക്ഷണത്തിനായി പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനും നിലവിലുള്ള ഉപകരണങ്ങളുടെ പരിപാലനത്തിനുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ് - തമായതിനാൽ മേൽശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ

ഉപധനാഭ്യർത്ഥന വഴിയോ 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

## സ്വീകരിച്ച നടപടി

മൈനിംഗ് & ജിയോളജി വകുപ്പ് മിനറൽ ഇൻവെസ്റ്റിഗേഷൻ 2023-24 സാമ്പത്തിക വർഷം 100 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. സബ്ജക്ട് കമ്മിറ്റി അധിക ധനപുനഃവിനിയോഗം വഴി 150 ലക്ഷം കൂടി ശിപാർശ ചെയ്തിരുന്നു. എന്നാൽ നടപ്പ് സാമ്പത്തിക വർഷം തുക ചെലവഴിക്കുന്നതിൽ വരുത്തിയ സാമ്പത്തിക ക്രമീകരണത്താൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക 37.91 ലക്ഷം രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. ആയതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക ആവശ്യമായി വന്നില്ല.

## ശിപാർശ

4885-01-190-95 - കെൽട്രോൺ കംപോണന്റ്സ് കോംപ്ലക്സ് ലിമിറ്റഡിന് സർക്കാർ ഇക്വിറ്റി മൂലധനം

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

കെൽട്രോൺ കംപോണന്റ്സ് കോംപ്ലക്സ് ലിമിറ്റഡിൽ നിലവിലുള്ള പഴക്കമേറിയതും ഉപയോഗശൂന്യവുമായ മെഷിനറികൾ മാറ്റി പുതിയവ സ്ഥാപിച്ച് ക്രിസ്റ്റൽ ഉൽപാദനം പുനരാരംഭിക്കാൻ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

## സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷം കമ്പനിയ്ക്ക് വകയിരുത്തിയിരുന്ന മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ലാത്തതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

## ശിപാർശ

6851-00-190-90 - കേരള സംസ്ഥാന ചെറുകിട വ്യാവസായിക വികസന കോർപ്പറേഷനുള്ള വായ്പ

ബഡ്ജറ്റ് വിഹിതം : 8.2 കോടി രൂപ (പ്ലാൻ)

38. സിഡ്കോയുടെ തൃശ്ശൂർ കല്ലേറ്റുംകരയിലെ വ്യവസായ എസ്റ്റേറ്റ് നവീകരണത്തിനായും പാപ്പനംകോട് വ്യവസായ എസ്റ്റേറ്റ് റോഡ് റീടാർ ചെയ്യുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ

അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2.43 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

<u>സ്വീകരിച്ച നടപടി</u>

സിഡ്കോയുടെ തൃശ്ശൂർ കല്ലേറ്റുംകരയിലെയും പാപ്പനംകോടിലേയും വ്യവസായ എസ്റ്റേറ്റുകളുടെ നവീകരണത്തിനായി 2.43 കോടി രൂപ അധികമായി വകയിരുത്തുന്നതിനായി 2023-24 സാമ്പത്തിക വർഷം സിഡ്കോയിൽ നിന്നും സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ ഒന്നും സമർപ്പിച്ചിരുന്നില്ല. നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ പ്രസ്തുത പദ്ധതി ഉൾപ്പെടുത്തി നടപടി സ്വീകരിക്കുവാൻ സിഡ്കോ തീരുമാനിക്കുകയായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2024-25-ലെ പദ്ധതി നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്താനായി വിശദമായ പ്രൊപ്പോസൽ സിഡ്കോ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച തുകയിൽ പ്രസ്തുത പദ്ധതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 2024-25-ലെ വർക്കിംഗ് ഗ്രൂപ്പിൽ പരിഗണിക്കുന്നതിനായി സിഡ്കോയിൽ നിന്നും ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ മുഖേന പ്രസ്തുത പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. 29/05/2024-ന് ചേർന്ന 2024-25 സാമ്പത്തിക വർഷത്തെ ആദ്യ ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ ഈ പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

6858-03-190-99 - <u>കേരള ആട്ടോമൊബൈയിൽസ് ലിമിറ്റഡ് ത്രീവീലർ പ്രോജക്ട്</u>

ബഡ്ജറ്റ് വിഹിതം : 8.5 കോടി രൂപ (പ്ലാൻ)

കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡിന്റെ ഇ -റിക്ഷ, ഇ-പിക് അപ്പ് വാൻ, ഇ- ടിപ്പർ, CNG ഓട്ടോ തുടങ്ങിയവ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി നിർമ്മിക്കുന്നതിന് 10 കോടി രൂപയും ISRO-ൽ നിന്നും വരുമാനം ഇരട്ടിപ്പിക്കുന്നതിലേക്ക് CNC മെഷീനുകൾ, ആധുനിക യന്ത്രസാമഗ്രികൾ എന്നിവ വാങ്ങുന്നതിലേക്ക് 10 കോടി രൂപയും അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 20 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

<u>സ്വീകരിച്ച നടപടി</u>

2023-24 സാമ്പത്തിക വർഷം കമ്പനിയ്ക്ക് വകയിരുത്തിയിരുന്ന മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ലാത്തതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

6859-02-190-99 - കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് വികസന കോർപ്പറേഷനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 20 കോടി രൂപ (പ്ലാൻ)

പവർ ഇലക്ട്രോണിക്സ്, ഇന്റലിജന്റ് ട്രാഫിക് മാനേജ്മെന്റ്, ഡിഫൻസ് ഇലക്ട്രോണിക്സ്, മെഡിക്കൽ ഇലക്ട്രോണിക്സ് എന്നിവയിലെ വൈവിധ്യവത്കരണവും ഉൽപ്പന്നവികസനവും ഇതുമായി ബന്ധപ്പെട്ട ഗവേഷണവും വിപണിയിൽ മേൽകൈ നേടുന്നതിന് അത്യന്താപേക്ഷിതമാണ് എന്നും ഇതിലേക്കായി 27.66 കോടി രൂപയാണ് ആവശ്യമെന്നും സമിതി മനസ്സിലാക്കുന്നു. ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 20 കോടി രൂപ അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7.66 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷം കമ്പനിയ്ക്ക് വകയിരുത്തിയിരുന്ന മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ലാത്തതിനാൽ അധിക തുക അനുവദിക്കാനുള്ള ശിപാർശ കമ്പനി ലഭ്യമാക്കിയിട്ടില്ല.

ശിപാർശ

6859-02-190-94 - കെൽട്രോൺ ഇലക്ട്രോ സെറാമിക് യൂണിറ്റ്

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

കമ്പനിയുടെ പീസോ കോംപോസിറ്റ് ട്രാൻസ്ഡ്യൂസേഴ്സ്, റബ്ബർ മോൾഡ് പ്രോഡക്ട്സ് തുടങ്ങിയ ഹ്രസ്വകാല പദ്ധതികളുടെ പൂർത്തീകരണത്തിനുള്ള മൂലധനമായി നടപ്പു സാമ്പത്തിക വർഷം 2 കോടി രൂപ അധികമായി ആവശ്യമുള്ളതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷം കമ്പനിയ്ക്ക് വകയിരുത്തിയിരുന്ന മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ലാത്തതിനാൽ അധിക തുക അനുവദിക്കാനുള്ള ശിപാർശ കമ്പനി ലഭ്യമാക്കിയിട്ടില്ല.

## അദ്ധ്യായം II

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിക്കുവാനുള്ള ഖണ്ഡികകൾ

| വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|
| വ്യവസായം | 2-15, 20-23, 28-33, 35-37, 39-43, 45, 46, 49-55<br>(41 ഖണ്ഡികകൾ) |

പി.രാജീവ്,

തിരുവനന്തപുരം
2024 ജൂലൈ 2

ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി IV